(ബി) രോഗികളായ തീർത്ഥാടകരെ കിടത്തി ചികിത്സിക്കാൻ റാന്നി താലൂക്കിൽ പമ്പയിൽ ആറും (6) സി.എച്ച്.സി. റാന്നി പെരുനാട്ടിൽ പതിനഞ്ചും (15) നീലിമലയിൽ നാലും (4) അപ്പാച്ചിമേട്ടിൽ നാലും (4) സന്നിധാനത്ത് ആറും (6) കിടക്കകൾ ഉണ്ട്.

(സി) ആറ്. (6)

(ഡി) 860 പേർ.

(ഇ) റാന്നി താലൂക്കിൽ സർക്കാർ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പുകൾ താഴെപറയും വിധമാണ്.

തീയതി	സ്ഥലം	പങ്കെടുത്തവർ
24-6-2003	റാന്നി, പഴവങ്ങാടി	700
24-6-2003	റാന്നി, കമ്മ്യൂണിറ്റിഹാൾ	740
24-6-2003	റാന്നി, അങ്ങാടി	500
25-6-2003	വടശ്ശേരിക്കര	1351
25-6-2003	വെച്ചൂച്ചിറ	741
27-6-2003	റാന്നി, പെരുനാട് (സാംസ്കാരിക നിലയം)	691
27-6-2003	ചിറ്റാർ	630
1-7-2003	വെച്ചൂച്ചിറ	497
2-7-2003	വടശ്ശേരിക്കര	2306
3-7-2003	റാന്നി പെരുനാട്	404

(എഫ്) തസ്തിക സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

റാന്നി താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

160 (3863) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പി.എച്ച്.സി. എന്നാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയതെന്ന് പറയാമോ ;

(ബി) താലൂക്കാശുപത്രിയുടെ എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഇവിടെ എത്ര തസ്തികകൾ ഉണ്ട് ;

(ഡി) അനുവദിക്കപ്പെട്ട തസ്തികളിൽ ഡോക്ടർമാരേയും ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇവിടെ ഐ. പി. സൗകര്യം ഉണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഐ. പി. വിഭാഗം ആരംഭിക്കാതെ ഇരിക്കുന്നത് ;

(ജി) പ്രസ്തുത ആശുപത്രിയിൽ ഐ.പി. വിഭാഗം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഈ താലൂക്കാശുപത്രിയിൽ യാതൊരുവിധ അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ശബരിമല ഉൾപ്പെടുന്ന താലൂക്കിന്റെ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിക്ക് വരുന്ന ശബരിമല സീസണ് മുമ്പായി പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കാൻ ആവശ്യമായ തസ്തികകൾ അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 3-12-1993-ൽ.

(ബി) താലൂക്കാശുപത്രിക്ക് വേണ്ട പുതിയ കെട്ടിടപണി പൂർത്തിയായി. വൈദ്യുതി, വാട്ടർ കണക്ഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനുണ്ട്.

(സി) 11 തസ്തികകൾ നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ഐ.പി. തുടങ്ങുവാനുള്ള അടിസ്ഥാന സൗകര്യവും സ്റ്റാഫും ഇല്ലാത്തതുകൊണ്ട്.

(ജി) താലൂക്ക് ആശുപത്രി സ്റ്റാഫ് പാറ്റേണിലുള്ള സ്റ്റാഫും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(എച്ച്) പോരായ്മകൾ ഉള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിരോധനം നീങ്ങിയാൽ ഉടൻ തന്നെ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ എടുക്കുവാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly